6470
8/6/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ കോഴിക്കോട് - ഡി.റ്റി.പി. കോഴ്സ് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 297/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 30.05.2015.

===========================================================

പരാമർശം:- 1. സാമൂഹ്യനീതി ഡയറക്ടറുടെ 22.04.2015-ലെ എച്ച് 2 -12803/15 നമ്പർ കത്ത്.

2. സാമൂഹ്യനീതി വകുപ്പിൽ 16.05.2015-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**ഉത്തരവ്**

കോഴിക്കോട് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ഡി.റ്റി.പി. കോഴ്സ് തുടങ്ങുന്നതിന് അനുമതി നൽകണമെന്നും ഇതിനായി നടപ്പു സാമ്പത്തിക വർഷം 2235-02-101-84 (പ്ലാൻ) ശീർഷകത്തിൽ നിന്നും 1,26,405/- രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2 16.05.2015-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ശുപാർശ അംഗീകരിക്കുകയുണ്ടായി.

3. കോഴിക്കോട് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ഡി.റ്റി.പി. കോഴ്സ് തുടങ്ങുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയും ഇതിനായി നടപ്പു സാമ്പത്തിക വർഷത്തിൽ 2235-02-101-84 (പ്ലാൻ) ശീർഷകത്തിൽ നിന്നും 1,26,405/- രൂപ (ഒരു ലക്ഷത്തി ഇരുപത്തിയാറായിരത്തി നാന്നൂറ്റിയഞ്ച് രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്
5. പ്ലാനിംഗ് & ഇ.എ. വകുപ്പ്.
6. സാമൂഹ്യനീതി (എ3) വകുപ്പ്.
7. വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
8. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.